**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2952** **25-06-2024 - ൽ മറുപടിയ്ക്ക്**

**ഉദുമ മണ്ഡലത്തിലെ ജലജീവൻ മിഷൻ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സി. എച്ച്. കുഞ്ഞമ്പു | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | ഉദുമ മണ്ഡലത്തിൽ ജലജീവൻ മിഷൻ പദ്ധതി വഴി എല്ലാ വീടുകളിലും ശുദ്ധജലമെത്തിക്കുന്നതിനുള്ള നടപടി ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ; | (എ) | ഉദുമ മണ്ഡലത്തിൽ ജലജീവൻ മിഷൻ പദ്ധതി പ്രകാരം നടപ്പിലാക്കുന്ന പ്രവൃത്തികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (ബി) | മണ്ഡലത്തിൽ ഇതിനകം എത്ര പദ്ധതികൾ ടെണ്ടർ ചെയ്തുവെന്നും അവ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്നും അറിയിക്കാമോ; | (ബി) | ഉദുമ മണ്ഡലത്തിൽ ആകെ 31 ജലജീവൻ മിഷൻ പ്രവൃത്തികൾ ടെണ്ടർ ചെയ്തിട്ടുണ്ട്. ഇതിൽ 9 എണ്ണം പ്രവൃത്തികൾ പൂർത്തീകരിച്ചു. 12 പ്രവൃത്തികൾ പുരോഗമിച്ചു വരുന്നു. ബാക്കി 10 എണ്ണം എഗ്രിമെന്റ് നടപടികൾ പൂർത്തീകരിച്ച് പ്രവൃത്തി ആരംഭിക്കുവാനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. |
| (സി) | ഈ പദ്ധതിക്കാവശ്യമായ ജലം ലഭ്യമാക്കുന്നതിനായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചതെന്ന് അറിയിക്കാമോ? | (സി) | ചെമ്മനാട്, പുല്ലൂർ പെരിയ, മൂളിയാർ, ഉദുമ, പള്ളിക്കര എന്നീ പഞ്ചായത്തുകളിലും ബേഡഡുക്ക പഞ്ചായത്തിലെ കൊളത്തൂർ വില്ലേജിലേക്കും ബാവിക്കര തടയണയോട് ചേർന്നുള്ള ഇൻടേക്ക് വെൽ വഴി വെള്ളം പമ്പ് ചെയ്യാനാണ് വിഭാവനം ചെയ്തിരിക്കുന്നത്.<br><br>ബേഡഡുക്ക പഞ്ചായത്തിലെ ബേഡകം, മുന്നാട് വില്ലേജുകൾക്കും, കുറ്റിക്കോൽ പഞ്ചായത്തിലെ കുറ്റിക്കോൽ വില്ലേജിനും രാമങ്കയം തടയണയോട് ചേർന്നുള്ള ഇൻടേക്ക് വെൽ വഴി വെള്ളം പമ്പ് ചെയ്യാനാണ് വിഭാവനം ചെയ്തിരിക്കുന്നത്.<br><br>ദേലംപാടി പഞ്ചായത്തിൽ അടുക്കത്തൊട്ടിയിൽ നിർമ്മിക്കാനുദ്ദേശിക്കുന്ന പുതിയ തടയണയോട് ചേർന്നുള്ള ഇൻ ടേക്ക് വെൽ വഴി വെള്ളം പമ്പ് ചെയ്യാനാണ് വിഭാവനം ചെയ്തിരിക്കുന്നത്. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

| ക്രമ നമ്പർ | പഞ്ചായത്ത് | ഭരണാനുമതി തുക (ലക്ഷം) | ജലജീവൻ മിഷൻ തുടങ്ങിയ ശേഷം നൽകിയ കണക്ഷൻ (20.06.24 വരെ) | പ്രവൃത്തികളുടെ പുരോഗതി |
|---|---|---|---|---|
| 1 | മുളിയാർ | 3532.63 | 404 | ഈ പഞ്ചായത്തിലെ ആകെയുള്ള 4 പ്രവൃത്തികളിൽ ഒരെണ്ണം പൂർത്തീകരിച്ചു. ബാക്കിയുള്ള 2 പ്രവൃത്തികളിൽ 134 km പൈപ്പ് ലൈൻ സ്ഥാപിച്ചു. ഒരെണ്ണം എഗ്രിമെൻറ് നടപടികൾ പൂർത്തീകരിച്ച് പ്രവൃത്തി ആരംഭിക്കുവാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| 2 | ഉദുമ | 5795.26 | 1260 | ഈ പഞ്ചായത്തിലെ ആകെയുള്ള 4 പ്രവൃത്തികളിൽ രണ്ട് എണ്ണം പൂർത്തീകരിച്ചു. സംഭരണിയും വിതരണ ശൃംഖലയും ഉൾപ്പെടുന്ന ബാക്കി 2 പ്രവൃത്തികൾ പുരോഗമിച്ചു വരുന്നു. |
| 3 | പള്ളിക്കര | 7043.66 | 1448 | ഈ പഞ്ചായത്തിലെ ആകെയുള്ള 3 പ്രവൃത്തികളിൽ ഒരെണ്ണം പൂർത്തീകരിച്ചു. സംഭരണിയും വിതരണ ശൃംഖലയും ഉൾപ്പെടുന്ന ബാക്കി 2 പ്രവൃത്തികൾ പുരോഗമിച്ചു വരുന്നു. |
| 4 | ബേഡഡുക്ക | 4682.43 | 2750 | ഈ പഞ്ചായത്തിലെ ആകെയുള്ള 6 പ്രവൃത്തികളിൽ രണ്ടെണ്ണം പൂർത്തീകരിച്ചു. ശുദ്ധീകരണശാലയും ഇൻടേക്ക് വെൽ ഉൾപ്പെടുന്ന രണ്ട് പ്രവൃത്തികൾ ഡിസൈൻ സ്റ്റേജിലാണ്. ബാക്കി 2 പ്രവൃത്തികൾ പുരോഗമിച്ചു വരുന്നു. |
| 5 | പുല്ലൂർ-പെരിയ | 6101.58 | 84 | ഈ പഞ്ചായത്തിലെ ആകെയുള്ള 4 പ്രവൃത്തികളിൽ ഒരെണ്ണം പൂർത്തീകരിച്ചു. സംഭരണിയും വിതരണ ശൃംഖലയും ഉൾപ്പെടുന്ന ബാക്കി 3 പ്രവൃത്തികൾ ആരംഭ ഘട്ടത്തിലാണ്. |

| | | | | |
|---|---|---|---|---|
| 6 | കുറ്റിക്കോൽ | 5755.44 | 1161 | ഈ പഞ്ചായത്തിലെ ആകെയുള്ള 5 പ്രവൃത്തികളിൽ രണ്ടെണ്ണം പൂർത്തീകരിച്ചു. സംഭരണിയും വിതരണ ശൃംഖലയും ഉൾപ്പെടുന്ന ഒരു പ്രവൃത്തി പുരോഗമിച്ചു വരുന്നു. ശുദ്ധീകരണശാലയും വിതരണ ശൃംഖലയും ഉൾപ്പെടുന്ന ബാക്കി രണ്ട് പ്രവൃത്തികൾ എഗ്രിമെൻറ് നടപടികൾ പൂർത്തീകരിച്ച് പ്രവൃത്തി ആരംഭിക്കുവാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| 7 | ദേലംപാടി | 6115 | 0 | ഈ പഞ്ചായത്തിലെ ആകെയുള്ള 3 പ്രവൃത്തികളിൽ ഒരെണ്ണം പുരോഗമിച്ചു വരുന്നു. ശുദ്ധീകരണശാലയും ഇൻ ടേക്ക് വെല്ലും സംഭരണിയും വിതരണ ശൃംഖലയും ഉൾപ്പെടുന്ന മറ്റ് രണ്ട് പ്രവൃത്തികൾ ആരംഭ ഘട്ടത്തിലാണ്. |
| 8 | ചെമ്മനാട് | 6478 | 6 | ഈ പഞ്ചായത്തിലെ ആകെയുള്ള 2 പ്രവൃത്തികളിൽ ഒരെണ്ണത്തിൽ 42 km പൈപ്പ് ലൈൻ സ്ഥാപിച്ചു. ബാക്കിയുള്ള പ്രവൃത്തി ആരംഭ ഘട്ടത്തിലാണ്. |